ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ജൂലൈ 10, 2018

**ബാങ്കിങ് റെഗുലേഷൻ നിയമം, 1949 (AACS ) വകുപ്പ് 35 A പ്രകാരം പുറപ്പെടുവിച്ച ഡയറക്ഷൻ - R S സഹകരണ ബാങ്ക്, മുംബൈ, മഹാരാഷ്ട്ര.**

2015 ജൂൺ 24 ലെ ഡയറക്ടീവ് പ്രകാരം R S സഹകരണ ബാങ്ക് (മുംബൈ, മഹാരാഷ്ട്ര) 2015 ജൂൺ 26 ലെ ഇടപാടുകൾ അവസാനിയ്ക്കുന്ന സമയം മുതൽ ഡയറക്ഷനു കീഴിൽ ആയിരുന്നു. ഈ നടപടി കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും 2018 ജനുവരി 19 ലെ ഡയറക്റ്റീവ് പ്രകാരം കാലാവധി, പുനരവലോകനത്തിനു വിധേയമായി, 2018 ജൂലൈ 25 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

R S സഹകരണ ബാങ്ക് (മുംബൈ, മഹാരാഷ്ട്ര)യ്ക്ക് മേൽ 1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A(1), 56 വകുപ്പ് പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 2015 ജൂൺ 24 ലെ ഡയറക്ടീവ് പ്രകാരം പ്രാവർത്തികമാക്കിയിരുന്ന ഡയറക്ഷന്റെ കാലാവധി കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയും അവസാനമായി ജനുവരി 19, 2018 ലെ ഡയറക്റ്റീവ് പ്രകാരം 2018 ജൂലൈ 25 വരെ ദീർഘിപ്പിച്ചത്, ജൂലൈ 02, 2018 ലെ ഉത്തരവ് അനുസരിച്ച് ജൂലൈ 10, 2018 മുതൽ ജനുവരി 25, 2019 വരെയുള്ള 6 മാസ കാലത്തേക്ക്, പുനരവലോകനത്തിനു വിധേയമായി ദീർഘിപ്പിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു. .ജൂലൈ 02, 2018 ലെ ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്.

ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ഷനിൽ മാറ്റം വരുത്തിയത് ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയുടെ കാര്യമായ മെച്ചപ്പെടലായി വ്യാഖ്യാനിക്കപ്പെടേണ്ടതില്ല.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : 2018-2019/90